REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ക്രിമിനൽ നീതിന്യായ വ്യവസ്ഥയിലെ കൊളോണിയൽ നിയമങ്ങൾ എടുത്തു കളഞ്ഞതിലൂടെ BJP ഗവൺമെന്റ് നീതിയ്ക്ക് പ്രാധാന്യം നൽകിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- 55 വർഷത്തെ ഭരണകാലത്ത് തൊഴിലാളി ക്ഷേമ നയങ്ങളിലൂടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കിയതായി കോൺഗ്രസ്. രാഹുൽ ഗാന്ധി ഇന്ന് ഒഡീഷയിലും ദാമൻ ദിയുവിലും പര്യടനത്തിൽ.
- സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് ആരോഗ്യവകുപ്പിന്റെ ജാഗ്രതാ നിർദേശം.
- സർവീസ് തുടങ്ങി ഒരുവർഷത്തിനകം 20 ലക്ഷത്തിലധികം യാത്രക്കാരെന്ന നേട്ടവുമായി കൊച്ചി വാട്ടർ മെട്രോ.
- ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ചു.
- ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, ഇന്ന് മോഹൻ ബഗാൻ FC യെ നേരിടും.

## വാർത്തകൾ വിശദമായി

ക്രിമിനൽ നീതിന്യായ വ്യവസ്ഥയിലെ കൊളോണിയൽ നിയമങ്ങൾ എടുത്തു കളഞ്ഞതിലൂടെ BJP ഗവൺമെന്റ് രാജ്യത്തെ പൗരന്മാർക്ക് ശിക്ഷയെക്കാളുപരി നീതിയ്ക്ക് പ്രാധാന്യം നൽകിയെന്ന് പ്രധാനമന്ത്രിയും മുതിർന്ന BJP

നേതാവുമായ നരേന്ദ്രമോദി പറഞ്ഞു. കർണാടകയിലെ ബെൽഗാവിയിൽ NDA തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

പുതിയ നിയമവ്യവസ്ഥ രാജ്യത്തെ ഓരോ പൗരനും ഗുണംചെയ്യുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

വിവിധ മേഖലകളിൽ രാജ്യം ശക്തിപ്രാപിക്കുന്നതിൽ എല്ലാവരും അഭിമാനിക്കുമ്പോഴും കോൺഗ്രസ് അതിൽ ലജ്ജിക്കുകയാണെന്നും കുടുംബ താല്പര്യത്തിൽ മുഴുകിയ കോൺഗ്രസിന് രാജ്യവികസനത്തിൽ താല്പര്യമില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ഉച്ചകഴിഞ്ഞ് ഉത്തര കന്നഡ ലോക്സഭാ മണ്ഡലത്തിലെ സിർസിയിൽ പൊതുറാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. തുടർന്ന് ദാവംഗരെയിലും വൈകിട്ട് ബെല്ലാരിയിലും പൊതുറാലിയിൽ അദ്ദേഹം സംസാരിക്കും.

✪✪✪

55 വർഷത്തെ ഭരണകാലത്ത് തൊഴിലാളി ക്ഷേമ നയങ്ങളിലൂടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കിയതായി കോൺഗ്രസ് അറിയിച്ചു. അധികാരത്തിലെത്തിയാൽ ഈ സമീപനം തുടരുമെന്നും ലോക തൊഴിലിട-ആരോഗ്യ-സുരക്ഷാ ദിനത്തിൽ കോൺഗ്രസ് ഔദ്യോഗിക സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഒഡീഷയിൽ INDI മുന്നണിയുടെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ പങ്കെടുക്കുന്നു. വൈകീട്ട് ദാമൻ ആന്റ് ദിയുവിലെ പൊതുയോഗത്തെയും രാഹുൽഗാന്ധി അഭിസംബോധന ചെയ്യും.

ഉത്തർപ്രദേശിലെ റായ്ബറേലി, അമേഠി സീറ്റുകളിൽ ഉൾപ്പെടെ സ്ഥാനാർത്ഥികളെ രണ്ടു ദിവസത്തിനകം പ്രഖ്യാപിക്കുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അറിയിച്ചു. രണ്ട് സീറ്റുകളിലും രാഹുൽഗാന്ധിയോ, പ്രിയങ്കാഗാന്ധിയോ മത്സരിക്കണമെന്ന നിർദ്ദേശം UP കോൺഗ്രസ് നേതൃത്വം, കേന്ദ്ര തിരഞ്ഞെടുപ്പ് സമിതിക്ക് കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടേതായിരിക്കും.

ഏഴുഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ഇതുവരെ 308 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടുണ്ട്.

ഡൽഹി കോൺഗ്രസ് അധ്യക്ഷൻ അരവിന്ദർ സിംഗ് ലവ്‌ലി രാജിവച്ചു. കോൺഗ്രസ് പാർട്ടിക്കെതിരെ തെറ്റായ അഴിമതി ആരോപണങ്ങൾ ഉന്നയിച്ച് രൂപീകരിച്ച, ആം ആദ്മി പാർട്ടിയുമായി സഖ്യത്തിൽ ഏർപ്പെട്ടതാണ് രാജിക്ക് കാരണമായി പറയുന്നത്. ആം ആദ്മി പാർട്ടിയുടെ തെറ്റായ

പ്രചാരണങ്ങളിൽ ഡൽഹി കോൺഗ്രസിലെ പാർട്ടി പ്രവർത്തകർ അതൃപ്തരാണെന്ന് ലവ്‌ലി പറഞ്ഞു.

ഡൽഹി മുൻ മുഖ്യമന്ത്രി, ഷീലാ ദീക്ഷിത് ഗവൺമെന്റിന്റെ കാലത്ത് നടത്തിയ, വികസന പ്രവർത്തനങ്ങളെ അപേക്ഷിച്ച് ഡൽഹിയിലെ ആം ആദ്മി പാർട്ടി ഭരണത്തിന് കീഴിൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ വളരെ മോശമായിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

തനിക്കെതിരെ നടക്കുന്നത് ഗൂഢാലോചനയാണെന്നും മുഖ്യമന്ത്രിയെയും പാർട്ടിയെയുമാണ് ലക്ഷ്യമിടുന്നതെന്നും LDF കൺവീനർ EP ജയരാജൻ പറഞ്ഞു. ശോഭാ സുരേന്ദ്രനെ ഡൽഹിയിലോ തൃശൂരോ വെച്ച് കണ്ടിട്ടില്ല. പ്രകാശ് ജാവ്ദേക്കറോട് കഴിഞ്ഞ വർഷം ചുരുങ്ങിയ കാര്യങ്ങൾ മാത്രമാണ് സംസാരിച്ചത്. തിരഞ്ഞെടുപ്പ് കാലത്ത് തനിക്കെതിരെ നടത്തിയ ഗൂഢാലോചനയിൽ മാധ്യമങ്ങൾക്കും പങ്കുണ്ടെന്നും ജയരാജൻ സ്വകാര്യ ചാനലിനോട് പറഞ്ഞു.

അതേസമയം നാളെ നടക്കുന്ന സെക്രട്ടേറിയറ്റ് യോഗത്തിൽ പങ്കെടുക്കുമോ എന്ന് അദ്ദേഹം വ്യക്തമാക്കിയില്ല.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം നാളെ തിരുവനന്തപുരത്ത് ചേരും. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വിശകലനത്തിനാണ് യോഗം വിളിച്ചത്. LDF കൺവീനറും

**കേന്ദ്ര കമ്മിറ്റി അംഗവുമായ E.P ജയരാജനെതിരെ ഉയർന്ന ആരോപണം യോഗം ചർച്ച ചെയ്തേക്കും.**

✪✪✪

**രാജ്യത്ത് നാലാം ഘട്ടത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രാപ്രദേശ്, ബിഹാർ, തെലങ്കാന സംസ്ഥാനങ്ങളിൽ നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. നാമനിർദ്ദേശ പത്രികകൾ നാളെ വരെ പിൻവലിക്കാം. അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്.**

**അഞ്ചാം ഘട്ടത്തിലേക്ക് അടുത്ത മാസം മൂന്ന് വരെ പത്രിക സമർപ്പിക്കാം. മെയ് 20 നാണ് വോട്ടെടുപ്പ്.**

**ആറാം ഘട്ട തിരഞ്ഞെടുപ്പിന് വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. മെയ് 25 നാണ് ആറാം ഘട്ട വോട്ടെടുപ്പ്.**

✪✪✪

**സംസ്ഥാനത്ത് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിനെക്കാൾ 15 ലക്ഷത്തിലേറെ വോട്ടർമാർ ഇത്തവണ കൂടിയെങ്കിലും പോൾ ചെയ്ത വോട്ടുകളുടെ എണ്ണം 4 ലക്ഷത്തി 38,000 ത്തോളം കുറഞ്ഞു. 2021 ലെ നിയമസഭാ തിരഞ്ഞെടുപ്പിനെക്കാൾ ഒമ്പതര ലക്ഷത്തോളം കുറവ് വോട്ടുകളാണ് ഇത്തവണ രേഖപ്പെടുത്തിയത്.**

**സംസ്ഥാനത്തെ വോട്ടർമാരിൽ 77 ലക്ഷത്തി 96,000 ത്തോളം പേർ ഇത്തവണ സമ്മതിദാന അവകാശം വിനിയോഗിച്ചില്ല. വോട്ടർമാരുടെ എണ്ണം വൻതോതിൽ**

കൂടിയിട്ടും പോളിങ് ശതമാനത്തിലും വോട്ടു ചെയ്തവരുടെ എണ്ണത്തിലും ഗണ്യമായ ഇടിവു സംഭവിച്ചതിനെപ്പറ്റി പാർട്ടികളും മുന്നണികളും വിലയിരുത്തിയേക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ 13 മണ്ഡലങ്ങളിലും, വടകര പാർലമെന്റ് മണ്ഡലത്തിൽ ഉൾപ്പെട്ട തലശ്ശേരി, കൂത്തുപറമ്പ് മണ്ഡലങ്ങളിലും പോളിങ്ങിനായി ഉപയോഗിച്ച വോട്ടിങ് യന്ത്രങ്ങൾ വെള്ളിമാടുകുന്ന് JDT ഇസ്‌ലാം ഹയർസെക്കണ്ടറി സ്കൂളിൽ സജ്ജീകരിച്ച സ്ട്രോങ്ങ് റൂമിലാണ് സൂക്ഷിച്ചിരിക്കുന്നത്. കോഴിക്കോട്, വടകര മണ്ഡലങ്ങളുടെ വോട്ടെണ്ണൽ കേന്ദ്രം കൂടിയായ ഇവിടെ സംസ്ഥാന പൊലീസിന് പുറമേ കേന്ദ്രസേനയുടെ കമാന്റോകളും ഉൾപ്പെടുന്ന ശക്തമായ സുരക്ഷാ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട്, തൃശൂർ ജില്ലകളിൽ ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അടുത്ത ദിവസങ്ങളിൽ കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്. കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.

✪✪✪

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ

വകുപ്പ് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആദ്യമായി പാലക്കാടാണ് കഴിഞ്ഞ ദിവസം കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉഷ്ണതരംഗം സ്ഥിരീകരിച്ചത്. നിർജ്ജലീകരണം മൂലം നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് സാധ്യത കണക്കിലെടുത്ത് ആരോഗ്യവകുപ്പ് മുൻകരുതൽ നിർദേശങ്ങൾ പുറപ്പെടുവിച്ചു.

ഡെസ്ക് റിപ്പോർട്ട്....

(---വോയ്സ്----)

കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗബാധിതർ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കണം. നിർജ്ജലീകരണ സാധ്യത മുൻനിർത്തി ധാരാളം വെള്ളം കുടിക്കണം. ചൂട് കൂടിയതോടെ രോഗങ്ങളും കൂടുന്നതായി അധികൃതർ അറിയിച്ചു.

പകൽ സമയത്ത് പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കണം. പുറത്തിറങ്ങുമ്പോൾ നിർബന്ധമായും കുടയും പാദരക്ഷയും ഉപയോഗിക്കണം. ശരീരത്തിൽ നേരിട്ട് വെയിൽ ഏൽക്കുന്ന പുറം ജോലികളും കായിക വിനോദങ്ങളും നിർത്തിവെക്കണം. അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുകയും യാത്രകളിൽ കുടിവെള്ളം കരുതുകയും വേണം. നിർജ്ജലീകരണത്തിന് കാരണമാകുന്ന മദ്യം, കാർബണേറ്റഡ് പാനീയങ്ങൾ, ചായ, കാപ്പി എന്നിവ പകൽ സമയത്ത് കഴിയുന്നത്ര ഒഴിവാക്കണം. ജലാംശം ധാരാളം അടങ്ങിയ പഴങ്ങൾ, പച്ചക്കറികൾ, സാലഡ് എന്നിവ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്താനും നിർദേശമുണ്ട്.

വീട്ടിലും ഓഫിസിലും വായുസഞ്ചാരം ഉറപ്പു വരുത്തുകയും തീപ്പിടിത്ത സാധ്യത തടയുകയും വേണം. സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം. സൂര്യാഘാതം മരണ കാരണം ആവാമെന്നതിനാൽ ബോധക്ഷയം ഉണ്ടാകുകയോ ആരോഗ്യ സ്ഥിതി മെച്ചപ്പെടാതിരിക്കുകയോ ചെയ്താൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

✪✪✪

ആറു രാജ്യങ്ങളിലേക്ക് 99,000 ടൺ സവാള കയറ്റി അയക്കാൻ കേന്ദ്രം അനുമതി നൽകി. ബംഗ്ലാദേശ്, UAE, ഭൂട്ടാൻ, ബഹ്‌റിൻ, മൗറീഷ്യസ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലേക്കാണ് കയറ്റുമതി. കഴിഞ്ഞ ഡിസംബറിൽ സവാള കയറ്റുമതിക്ക് കേന്ദ്രം നിരോധനം ഏർപ്പെടുത്തിയിരുന്നു. ഇതിനു പുറമെ 2,000 ടൺ വെള്ള സവാള പശ്ചിമേഷ്യയിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും കയറ്റി അയക്കാനും അനുമതി നൽകിയിട്ടുണ്ട്.

✪✪✪

ദേശീയപാതയിലെ മാഹി പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ നാളെ ആരംഭിക്കും. നാളെ മുതൽ 12 ദിവസത്തേക്ക് പാലം പൂർണമായി അടച്ചായിരിക്കും നവീകരണം. ഗതാഗതം മോന്താൽ പാലം വഴി തിരിച്ചുവിട്ടിട്ടുണ്ട്.

✪✪✪

കൊച്ചി വാട്ടർ മെട്രോ, സർവീസ് തുടങ്ങി ഒരു വർഷത്തിനകം യാത്രക്കാരുടെ എണ്ണം ഇരുപത് ലക്ഷം പിന്നിട്ടു. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ച കൊച്ചി വാട്ടർ മെട്രോ കഴിഞ്ഞ വർഷം ഏപ്രിൽ 25-നാണ് പ്രവർത്തനം ആരംഭിച്ചത്.

ഡെസ്ക് റിപ്പോർട്ട് ...

(വോയ്സ് ....)

സർവീസ് ആരംഭിച്ച് ആറ് മാസത്തിനകം കഴിഞ്ഞ ഒക്ടോബറിലാണ് വാട്ടർ മെട്രോയിൽ യാത്ര ചെയ്തവരുടെ എണ്ണം 10 ലക്ഷം പിന്നിട്ടത്.

ഒരു വർഷമെന്ന ചുരുങ്ങിയ കാലയളവിൽ 20 ലക്ഷം പേർ യാത്ര ചെയ്തതായി കൊച്ചിൻ ഷിപ്‌യാർഡ് അറിയിച്ചു. തുച്ഛമായ നിരക്കിൽ സുരക്ഷിത യാത്രയാണ് വാട്ടർ മെട്രോയുടെ ശീതികരിച്ച ബോട്ടുകളിൽ പൊതുജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. 20 രൂപയാണ് കുറഞ്ഞ യാത്രാനിരക്ക്. സ്ഥിരം യാത്രികർക്കായി ഇളവുകളോടെ പ്രതിവാര - പ്രതിമാസ പാസ്സുകളും നല്കുന്നുണ്ട്.

കൊച്ചി വൺ, കാർഡ് ഉപയോഗിച്ച് മെട്രോ റെയിലിലും വാട്ടർ മെട്രോയിലും യാത്ര ചെയ്യാം.

പദ്ധതി പൂർത്തിയാകുന്നതോടെ പത്ത് ദ്വീപുകളിലായി 38 ടെർമിനലുകൾ ബന്ധിപ്പിച്ച് 78 വാട്ടർ മെട്രോ ബോട്ടുകൾ സർവ്വീസ് നടത്തും.

✪✪✪

ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ചു. എടത്വ, അമ്പലപ്പുഴ, തകഴി പഞ്ചായത്തുകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

എടത്വ പഞ്ചായത്ത് പത്താം വാർഡിലും, അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് ഏഴാം വാർഡിലും തകഴി ഗ്രാമപഞ്ചായത്ത് നാലാം വാർഡിലുമാണ് രോഗബാധ കണ്ടെത്തിയത്.

തറാവുകളടക്കം പക്ഷികളെ നാളെ കൊന്നൊടുക്കും. ഇതിനായി ദ്രുത കർമ്മ സേനയെ നിയോഗിച്ചു.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, ഇന്ന് മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തെയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ വൈകീട്ട് മൂന്നരയ്ക്ക് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിനെ നേരിടും. മറ്റൊരു മത്സരത്തിൽ, ചെന്നൈയിൽ, ചെന്നൈ സൂപ്പർ കിംഗ്സും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും. രാത്രി 7.30നാണ് മത്സരം.

⭐⭐⭐

വയനാട് പുൽപ്പള്ളിയിൽ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് ആന ചെരിഞ്ഞു. നീർവാരം അമ്മാനി പാറവയൽ ജയരാജന്റെ കൃഷിയിടത്തിലാണ് പുലർച്ചെ ആന ചെരിഞ്ഞത്. വനംവകുപ്പ് അധികൃതർ സ്ഥലത്തെത്തി പ്രദേശത്തെ വൈദ്യുതി ബന്ധം താല്ക്കാലികമായി വിച്ഛേദിച്ചു.

⭐⭐⭐

തൊടുപുഴയ്ക്ക് സമീപം പാറക്കടവ് മഞ്ഞുമാവ് പ്രദേശത്ത് പുലിയെ കണ്ടതായി നാട്ടുകാർ അറിയിച്ചു. കഴിഞ്ഞ ദിവസം ഇവിടെ കുറുക്കനെ അജ്ഞാത ജീവി ആക്രമിച്ച് കൊന്നിരുന്നു. കുറുക്കനെ കൊന്ന ജീവി പുലിയാണെന്ന നിഗമനത്തിലാണ് നാട്ടുകാർ.

⭐⭐⭐

മൂന്നാർ മേഖലയിലെ വരയാടുകളുടെ കണക്കെടുപ്പ് നാളെ ആരംഭിക്കും. ഇരവികുളം ദേശീയ ഉദ്യാനത്തിന്റെ ഭാഗമായ ചിന്നാർ, ഇരവികുളം, പാമ്പാടുംചോല എന്നിവിടങ്ങളിലാണ് കണക്കെടുപ്പ്.

⭐⭐⭐

കോഴിക്കോട് പണിക്കർ റോഡിന് സമീപം ഓട്ടോ ഡ്രൈവറെ മരിച്ച നിലയിൽ കണ്ടെത്തി. ഗാന്ധിനഗർ സ്വദേശി ശ്രീകാന്തിനെയാണ് പുലർച്ചെ മരിച്ച നിലയിൽ കണ്ടെത്തിയത്. പൊലീസ് അന്വേഷണം തുടങ്ങി.

⭐⭐⭐

തിരഞ്ഞെടുപ്പ് ദിവസമായ വെള്ളിയാഴ്ച്ച വൈദ്യുതി ഉപയോഗം സകല റെക്കോർഡുകളും ഭേദിച്ചു. വൈകീട്ട് ആറു മുതൽ 12 വരെ ഉയർന്ന ഉപയോഗ സമയത്ത് ചരിത്രത്തിൽ ആദ്യമായി 5,600 മെഗാവാട്ടിന് മുകളിൽ വൈദ്യുതി ഉപയോഗമെത്തി.